

# എന്റെ അമ്മ

കണ്ണുകൾ നനയാതെ എനിക്ക് ഓർക്കുവാൻ കഴിയുന്നില്ല. ഏതാണ് ഏറ്റവും പഴയ അമ്മയെക്കുറിച്ചുള്ള ഓർമ്മ ? ദോശക്കല്ലിൽ അമ്മ ചുടുന്ന അപ്പത്തിന്റെ സൈഡിൽ മാവ് കോരി ഒഴിച്ച് കൊച്ചപ്പം ഉണ്ടാക്കിയതാണോ ? അതോ, പുത്തൻ കോട്ടൺ സാരി ഉടുത്ത് സ്ക്കൂളിൽ പഠിപ്പിക്കുവാൻ പോകുന്ന അമ്മയെ തൊട്ടുരുമ്മി നിൽക്കുന്നതാണോ ? അടുത്ത് അമ്മയുടെ കുടുംബ വീട്ടിൽ കഴിയുന്ന അമ്മയുടെ അമ്മയെ കാണുവാൻ ഞാൻ പോകുമ്പോൾ, വിശേഷ പലഹാരങ്ങൾ കൊടുത്തയക്കുന്ന അമ്മയേയാണോ ? പള്ളി കഴിഞ്ഞ് ഞായറാഴ്ചകളിൽ വീട്ടിൽ വരുമ്പോൾ സ്വാദേറിയ ഊണും ഒരുക്കി കാത്തിരിക്കുന്ന അമ്മയേയാണോ ? ചെറുപ്പത്തിലെ അമ്മയെക്കുറിച്ചുള്ള ഓർമ്മകൾ ഏറെയാണ്. അടുക്കും ചിട്ടയും ഇല്ലാതെ കിടക്കുന്നു. പക്ഷെ, ആ ചിതറി കിടക്കുന്ന ഓർമ്മയിലെ ഓരോ ദൃശ്യവും മിഴിവുള്ളതാണ്. വെളുത്ത കോഴികളെ ബ്ലോക്കിൽ നിന്നും വാങ്ങി വളർത്തി ഞങ്ങൾ കുഞ്ഞുങ്ങളെ മുട്ട തീറ്റിക്കുന്ന അമ്മ. വിനാഗിരിയിൽ മുട്ടയിട്ട് കാൽസ്യം അലിയിപ്പിച്ച് ഞങ്ങളെ കാൽസ്യം കഴിപ്പിക്കുന്ന അമ്മ. മീൻ നെയ്യ് ഗുളികയും, ഷാർക്കഫെറോളും പതിവായി കുടിപ്പിക്കുന്ന അമ്മ. എത്ര ഉറക്കം നടിച്ചു കിടന്നാലും ഉണർത്തി പാൽ കുടിപ്പിക്കുന്ന അമ്മ. പയറും വെണ്ടക്കയും, മറ്റു പച്ചക്കറികളും ഏറെ നട്ടു

വളർത്തി കൂട്ടുവാൻ വെച്ചു തരുന്ന അമ്മ. ആരുടേയും കുറ്റം പറയാത്ത അമ്മ. ക്ഷമയുടെ നെല്ലിപ്പലക തകർന്നാലും അക്ഷോഭ്യമായി നിൽക്കുന്ന അമ്മ. തീരെ കരയാത്ത അമ്മ. രോഗത്താൽ വലയുമ്പോഴും, കടമകൾ ഓരോന്നായി നിവർത്തിക്കുന്ന അമ്മ. അമ്പതു വയസ്സിലും ഇരുപതു വയസ്സുകാരിയുടെ ഉൻമേഷം ഉണ്ടായിരുന്ന അമ്മ. അമ്മ വളർത്തിയ പശുക്കളും, പശുക്കുട്ടികളും, ആടുകളും ഏറെ. അമ്മയോടൊപ്പം ചെയ്ത യാത്രകൾ ധാരാളം. സ്ക്കുൾ കലോൽസവങ്ങളിൽ മക്കളേയും ചേർത്തു പോകുന്ന ടീച്ചറായ അമ്മ. എനിക്കേറെ ഇഷ്ടമുള്ള മീൻ വിഭവങ്ങൾ വെച്ചു തരുമായിരുന്ന അമ്മ. അമ്മയുടെ കൈപുണ്യം അനുഭവിക്കാത്തവർ ആ നാട്ടിൽ കുറവ്. വളരെ വേഗത്തിൽ രുചിയേറിയ ആഹാരങ്ങൾ ധൃടുതിയിൽ ഉണ്ടാക്കുന്ന അമ്മ. ഭർത്താവിനു വേണ്ടി നല്ല കഷണങ്ങൾ നേരത്തെ വിളമ്പി മാറ്റിവെക്കുമായിരുന്ന അമ്മ. സ്വാദിഷ്ടമായ കോഴിക്കറിയിൽ നിന്നും കഷണങ്ങൾ കഴിക്കാതെ മാറ്റിവെക്കുന്ന ഏറ്റവും ഇളയവളായ എന്നെ 'പൊട്ടിക്കൊച്ച്' എന്നു പറഞ്ഞ് ശകാരിക്കുന്ന അമ്മ. അമ്മയെ പ്പറ്റിയുള്ള ധാരാളം ഓർമ്മകൾ സ്വാദിഷ്ടമായി അമ്മവെച്ചു തന്ന ആഹാരത്തെ ആധാരമാക്കിയുള്ളതാണ്. പറഞ്ഞാൽ തീരാത്തവണ്ണം.

സ്ക്കൂളിൽ ടീച്ചറായി മാറുന്ന അമ്മ. ഇംഗ്ലീഷും മലയാളവും കണക്കും നന്നായി പഠിപ്പിച്ചു തരുമായിരുന്നു. മഞ്ചാടിയും കുന്നിക്കുരുവും ചേർത്തുവെച്ച് പഠിപ്പിച്ച

ഗണിതം ഇന്നും എനിക്കേറെ പ്രിയം. "അഞ്ചു കോഴിക്കുഞ്ഞുങ്ങൾ നിലത്തിരിക്കുന്നു. അതിൽ ഒന്നു പറന്നുപോയാൽ പിന്നെ എത്ര" എന്ന് പാടി കണക്കു പഠിപ്പിച്ചു തന്ന അമ്മ. കോട്ടൺ സാരിയുടുത്ത് സ്ക്കൂളിൽ പോകുന്ന അമ്മയെ ചുറ്റിപ്പറ്റിയുള്ള ഓർമ്മകളും ഏറെ. മൂക്കിൽ കറുത്ത മറുകുള്ള മുക്കുത്തിയെന്ന് കൂട്ടുകാർ കളിപ്പേര് വിളിച്ചിരുന്ന അഞ്ചു മക്കളുള്ള അമ്മയ്ക്ക് പുതുതായി സ്ഥലം മാറി ചെന്ന സ്ക്കൂളിൽ കല്യാണം ആലോചിച്ചവർ കുറവല്ല. അമ്മയെ ഒരുക്കി വിടുന്ന എന്റെ ജ്യേഷ്ഠത്തിക്ക് ഇപ്പോഴും പറഞ്ഞു ചിരിക്കാൻ ഇതു ധാരാളം. ചെറുപ്പക്കാരിയുടെ പ്രസരിപ്പും, ചുറുചുറുക്കും എൺപത്തിനാലു വയസ്സിലും കൊണ്ടു നടന്നു എന്റെ അമ്മ. അസുഖത്താൽ വലഞ്ഞിരുന്ന അമ്മയോടൊപ്പം ആശുപത്രിയിൽ താമസിച്ചിരുന്നു ഞാൻ. അമ്മയ്ക്ക് ഭക്ഷണം എത്തിച്ചുകൊടുക്കുകയും ഒരുമിച്ച് കഴിക്കുകയും കഥ പറയിപ്പിക്കുകയും ഒക്കെയായി ആ ദിവസങ്ങളും സന്തോഷമുള്ള അവസരങ്ങളായി ഓർമ്മയിൽ നിൽക്കുന്നു. അമ്മയ്ക്കു കിട്ടുന്ന ചുരുക്കം ചില വിശ്രമദിവസങ്ങ ളായിരുന്നു അവ. സ്വന്തം കർത്തവ്യങ്ങളെ, ബാക്കി എല്ലാം മറന്ന്, നിർവ്വഹിച്ചു അമ്മ. രാവിലെ നാലുമണിക്ക് ഉണർന്ന് രാത്രി പത്തു കഴിയും വരെ ഒരു യന്ത്രത്തെപ്പോലെ കാര്യക്ഷമമായി പ്രവർത്തിച്ചിരുന്നു അമ്മ. ആ അമ്മയെ ഹേമമുള്ള പണികൾ ചെയ്യിക്കാതെ നോക്കുന്ന ചെറിയ കുട്ടിയായിരുന്നു ഞാൻ. അമ്മയെ അകമഴിഞ്ഞ് സ്നേഹിച്ച അഞ്ചു

മക്കളിൽ ഏറ്റവും ഇളയവൾ. അനിയത്തിയുടെ മകൾക്ക് പത്താം ക്ലാസിൽ കിട്ടിയ ഉന്നത വിജയത്തെപ്പറ്റി എല്ലാവരോടും പറഞ്ഞു നടന്ന അമ്മ, സ്വന്തം മകളുടെ വിജയത്തെ ഉള്ളിലടക്കി സന്തോഷിച്ചതും, സ്വന്തം മകളുടെ വിജയം എന്തേ നാട്ടുകാരോട് പ്രസ്താവിക്കാത്തത് എന്ന് കളിയാക്കുന്ന എന്റെ ജ്യേഷ്ഠത്തിയും ഓർമ്മയിൽ ഉണ്ട്. രാവിലെ നാലു മണിക്ക് ഉണർന്നു പഠിച്ചിരുന്ന എനിക്ക് കാപ്പി ഉണ്ടാക്കിതന്ന് കൂടെ എണീക്കുന്ന അമ്മ. പത്ത് മണിയായി, കിടന്നുറങ്ങ് എന്ന് പറഞ്ഞ് രാത്രിയിൽ നിർബന്ധിക്കുന്ന അമ്മ. അമ്മ പറഞ്ഞു തന്ന കഥകളും ഏറെ. പുരാണ കഥകളും അതിലേറെ അമ്മയുടെ ചെറുപ്പത്തിലെ സംഭവ കഥകളും മിഴിവോടെ പറഞ്ഞ് തന്ന അമ്മ. ബുദ്ധിമതി ആയിരുന്നു അമ്മ. സ്കൂളിൽ അല്ലാതെ വീട്ടിൽ മക്കളെ പാഠങ്ങൾ പഠിപ്പിച്ചിട്ടില്ല. എന്നാൽ ജീവിത പാഠങ്ങൾ ഞങ്ങൾ ഏറെ പഠിച്ചത് അമ്മയിൽ നിന്നാണ്. അധികം ദൂരെ അല്ലാത്ത അമ്മയുടെ സ്വന്തം വീട്. പ്രായമായ അപ്പച്ചനും അമ്മച്ചിക്കും പലഹാരങ്ങൾ തന്ന് വിടുമായിരുന്നു അമ്മ. സ്വന്തം പിതാവ് മരിച്ചപ്പോൾ, "ഞാൻ അടുത്തില്ലായിരുന്നല്ലോ" എന്ന് പറഞ്ഞ് പൊട്ടിക്കരഞ്ഞ അമ്മ. അമ്മയെ കരയുന്നതായി കണ്ട ചുരുക്കം ചില അവസരങ്ങളിൽ ഒന്നാണത്.

അമ്മയെ അഞ്ചു നിമിഷം കാണാതിരുക്കുമ്പോൾ തിരഞ്ഞ് വിളിച്ചുനടക്കുന്ന എന്നെ "ഈ പെണ്ണിന് എന്താണ്" എന്ന പറഞ്ഞ് ശാസിക്കുന്ന അമ്മ. അമ്മ ഉപദേശങ്ങൾ

പറയാതെ പറഞ്ഞ് തന്നിരുന്നു. എളിയവരെ ആദരിക്കുവാനും മനുഷ്യരുടെ നന്മകളെ മാത്രം കാണുവാനും ശ്രമിച്ചിരുന്ന അമ്മ. സ്വന്തം വീട്ടിൽ അല്ലാതെ ആരോടും സ്വരം ഉയർത്തി സംസാരിക്കാത്ത അമ്മ. ആരോടും പിണങ്ങാത്ത അമ്മ. മക്കളെയും മരുമക്കളെയം കൊച്ചുമക്കളെയും ഒരു പോലെ സ്നേഹിച്ച അമ്മ. 25 വർഷങ്ങൾക്ക് മുമ്പ് വന്ന് ചേർന്ന് രണ്ട് പുത്ര വധുക്കളെയും ഒരു പ്രാവശ്യം പോലും പേര് ചൊല്ലി വിളിക്കാതെ ഏപ്പോഴും പേരിനോടൊപ്പം "മോളേ" എന്ന് ചേർത്ത് വിളിച്ചിരുന്ന അമ്മ. മൂത്ത മകനോടാണ് സ്നേഹം കൂടുതൽ എന്ന പറഞ്ഞു മറ്റു മക്കൾ കളിയാക്കുമ്പോൾ നിങ്ങളുടെ തോന്നലാണ് എന്ന് പറഞ്ഞ് ചിരിക്കുന്ന അമ്മ. 15 വയസ്സുള്ള മൂത്ത മകനെ ദൂരെ ഹോസ്റ്റലിൽ വിടുമ്പോൾ ആറ്റിൽ കുളിക്കരുതെന്ന് ശപഥം ചെയ്യിച്ച അമ്മ. ആ ശപഥം പാലിച്ച മകൻ. നാല് വയസ്സുകാരി രണ്ടാമത്തെ മകളെ സ്വന്തം സഹോദരിയുടെ വീട്ടിൽ വിരുന്നിന് മൂന്ന് ദിവസത്തേക്ക് വിട്ടിട്ട് ആ രാത്രി തന്നെ ചെന്ന് തിരിച്ച് കൊണ്ടു വന്ന അമ്മ. "നീതിമാൻ ഓർമ്മയിൽ ഇരിക്കും" എന്ന വേദവാക്യം തെറ്റിച്ച് "നീതിമാൻ ഓമയിൽ ഇരിക്കും" എന്ന് വായിച്ച മൂന്നാമത്തെ മകനെ ഇപ്പോഴും പറഞ്ഞ് കളിയാക്കുന്ന അമ്മ. അതിരുകടന്ന കുസൃതികളുമായി നടന്ന നാലാമത്തെ മകനെ "നിന്റെ അപ്പച്ചൻ പ്രാർത്ഥിച്ച് ഉണ്ടായ മകനാണ് നീ" എന്ന് നിരന്തരം ഓർമ്മിപ്പിക്കുന്ന അമ്മ. നാലാമത്തെ മകന്റെ

വിദേശീയ ഭാര്യ യുമായി അറിയാത്ത ഭാഷയിൽ മണിക്കൂറുകൾ ആശയ വിനിമയം നടത്തുന്ന അമ്മ. ഏറ്റവും ചെറിയ മകളെ "നീ പ്രതീക്ഷിക്കാതെ ഉണ്ടായ മകളാണ്," "എന്റെ വാർദ്ധ്യകത്തിലെ" കുട്ടിയാണ് എന്ന് പറയുമായിരുന്ന അമ്മ. ഞങ്ങൾ തമ്മിൽ പ്രായവ്യത്യാസം 40 ന് അടുത്ത്. ഹോസ്റ്റലിൽ ആയിരുന്ന എന്നെ അന്വേഷിക്കാൻ എന്റെ പിതാവിനെ ആഴ്ചതോറും പറഞ്ഞ് വിടുന്ന അമ്മ. "ഇവൻ എന്റെ നാലാമത്തെ മകൻ" എന്ന് പറഞ്ഞ് മരുമകനെ ചേർത്ത് പിടിക്കുന്ന അമ്മ. "നിങ്ങളിൽ എല്ലാവരിലും വിവരവും വിജ്ഞാനവും അമ്മിച്ചിക്ക്", എന്ന് പറഞ്ഞ് അത്ഭുതം കൂറിയിരുന്ന എന്റെ ഭർത്താവ്. ഞങ്ങൾ യാത്ര പോകുമ്പോൾ "ഇരുട്ടു കൂത്തു കളിക്കാതെ വേഗം തിരിച്ചെത്തണം" എന്ന് ശഠിക്കുന്ന അമ്മ. മക്കളും അനന്തിര വരും അവധിക്ക് വരുന്നത് കൊതിയോടെ കാത്തിരിക്കുന്ന അമ്മ. അമ്മയുടെ അടുത്ത് വരുമ്പോൾ ചെറിയ കുട്ടികൾ ആയി തീരുന്ന ഞങ്ങൾ. നാല് തലമുറകളെ സ്നേഹത്തിന്റെ നൂലുകൊണ്ട് ചേർത്ത് സൂക്ഷിച്ചിരുന്ന അമ്മ. അവസാന നിമിഷങ്ങളിലും തമാശകൾ പറഞ്ഞ് മധുരമായി പുഞ്ചിരിച്ച അമ്മ. ഐ.സി.യു. വിൽ വെച്ച് അവസാനമായി യാത്ര പറഞ്ഞ് പ്രാർത്ഥിച്ച് പിരിഞ്ഞപ്പോൾ നിങ്ങൾ പൊയ്ക്കൊള്ളൂ എന്ന് ആംഗ്യം കാട്ടി പറഞ്ഞ് വിട്ട അമ്മ. നാളെ വരാം എന്ന് യാത്ര പറഞ്ഞ് പോയ ഞാൻ തിരിച്ച് വന്നപ്പോൾ കണ്ണുംപൂട്ടി ചെറു ചിരിയുമായി ഈ

ലോകത്തോട് യാത്ര പറഞ്ഞ് പോയ അമ്മ. മൂന്നാം ദിവസം അതേ ചിരിയോടെ കിടന്ന അമ്മയെ നോക്കി ഞാൻ "അമ്മേ ഞങ്ങൾ വന്നു" എന്ന് അറിയാതെ പറഞ്ഞ് പോയത്. കുളിപ്പിച്ച് വസ്ത്രങ്ങൾ അണിയിച്ചപ്പോൾ ഇപ്പോൾ അമ്മ കണ്ണ് തുറക്കും എന്ന് തോന്നിപ്പോയ നിമിഷങ്ങൾ. അമ്മയോ ഒരുക്കാൻ സഹായിച്ചവർ "ഐശ്വര്യമുള്ള അമ്മച്ചി" എന്ന് വിശേഷിപ്പിച്ച് പോയി. അമ്മ പോയിട്ട് ഇന്ന് ആറ് ദിവസം. എല്ലാ ഐശ്വര്യങ്ങളോടും ഞങ്ങളുടെ ജീവിതത്തിൽ അമ്മ ഇപ്പോഴും നിറഞ്ഞ് നിൽക്കുന്നു. ഒരു നെയ്തിരി പോലെ !

അമ്മയുടെ ഉഷമോൾ

